## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1277 — 12.06.2014-ലെ മറുപടിക്ക്

### ഉപരിതല ഗതാഗത വികസനത്തിന് കർമ്മ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>" ടി.എൻ. പ്രതാപൻ<br>" പാലോട് രവി<br>" ആർ. സെൽവരാജ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ;<br><br>(ബി). പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) | മിഷൻ 676-ൽ, ദേശീയപാത വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് താഴെപ്പറയുന്ന പദ്ധതികളാണ്.<br><br>1) സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ള ദേശീയപാതാ വിഭാഗത്തിന്റെ എല്ലാ പദ്ധതികളും.<br>2) തിരുവനന്തപുരം മോണോറെയിൽ പദ്ധതി.<br>3) ദേശീയപാതാ വികസനം.<br><br>ദേശീയ പാതാ വിഭാഗത്തിന്റെ താഴെപ്പറയുന്ന പദ്ധതികളാണ് സ്പീഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) ദേശീയപാത 47 ( New NH 66)ൽ കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള ഭാഗത്തിന്റെ വികസനത്തിന് ഭരണാനുമതിക്കായി (AS) നടപടികൾ സ്വീകരിക്കാൻ റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2) കൊല്ലം, ആലപ്പുഴ ബൈപാസ്സുകളുടെ നിർമ്മാണ പ്രവൃത്തികൾ 50% സംസ്ഥാന സർക്കാരും 50% കേന്ദ്രവുമാണ് വഹിക്കുന്നത്. ഈ 2 ബൈപാസ്സുകളും സംസ്ഥാന സർക്കാരിന്റെ (SPEEID)കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. EPC വ്യവസ്ഥയിൽ പ്രവൃത്തി നടത്തുവാനുള്ള റീ ടെൻഡർ ചെയ്തിട്ടുണ്ട്.<br>3) തൃപ്പൂണിത്തുറ ബൈപാസ്സ് നിർമ്മാണത്തിനായി ലാൻഡ് അക്വിസിഷൻ എസ്റ്റിമേറ്റും |

| | | |
|---|---|---|
| | | പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനു വേണ്ടി NATPAC-നെ ചുമതലപ്പെടുത്തിക്കഴിഞ്ഞു.<br>4) കോഴിക്കോട് ബൈപാസ്സിന്റെ അവസാന ഭാഗമായ 5.1 കി.മീ ചെയ്യുന്നതിന് 145.5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന് സാങ്കേതികാനുമതി നൽകാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>5) തലശ്ശേരി-മാഹി, ബൈപാസ്സ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ഇപ്പോൾ എതാണ്ട് പൂർത്തിയായിട്ടുണ്ട്. ഇതിന്റെ DPR തയ്യാറാക്കാൻ നാറ്റ്പാക്കിനെ എൽപ്പിച്ചിട്ടുണ്ട്.<br>6) കുണ്ടന്നൂർ ഫ്ളൈ ഓവറിന്റെ നിർമ്മാണത്തിന് 80.2 കോടി രൂപയുടെയും വൈറ്റില ഫ്ളൈ ഓവറിന്റെ നിർമ്മാണത്തിന് 109 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ ഡിസൈനും, ഡ്രായിംഗുകളും തയ്യാറാക്കാൻ ടെൻഡർ വിളിച്ചു കഴിഞ്ഞു.<br>7) ബത്തേരി, മൈസൂർ എലിവേറ്റഡ് ഹൈവേയുടെ നിർമ്മാണത്തിനായി സാദ്ധ്യതാപഠനത്തിനായി നാറ്റ്പാക്കിനെ എൽപ്പിച്ചിട്ടുണ്ട്. |
| (സി). | പദ്ധതി നിർവ്വഹണത്തിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (സി). ആലപ്പുഴ, കൊല്ലം ബൈപാസ്സുകളുടെ നിർമ്മാണത്തിന് EPC വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനായി റീ ടെൻഡർ ചെയ്തിട്ടുണ്ട്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) ദേശീയപാതകളിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ബൈപാസ്സുകൾ, ഫ്ളൈഓവറുകൾ, റിംഗ് റോഡുകൾ തുടങ്ങിയവ നിർമ്മിക്കാൻ SPEEID KERALA-യിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ